1	2	3	4	5	6
11	കോട്ടയം	206.34	71.54	121.85	9
12	പത്തനംതിട്ട	196.14	19.9	114.68	0
13	കൊല്ലം	564.41	95.99	468.42	3
14	തിരുവനന്തപുരം	798.67	55.6	710.47	3
	മൊത്തം	6684.03	674.37	5054.15	28

ഊർജ്ജ സംരക്ഷണം

38 (383) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുകൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജസംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ ഉതകുന്നതും ഇതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതുമായ ഊർജ്ജസംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച 'ഊർജ്ജച്ചെപ്പ്' എന്ന

LIBRARY ARCHIVES Kerala Legislative Assembly

കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപ്പത്രത്തോടൊപ്പം വിതരണം ചെയ്തു. കേരളത്തിലുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട തീയേറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം. ചാനലുകളിലും പ്രമുഖ സിനിമാതാരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തു. ഇതിനു പുറമെ സോഷ്യൽ മീഡിയയിലൂടെ (facebook) ഊർജ്ജസംരക്ഷണത്തിന് വേണ്ടത്ര പ്രചാരം നൽകി. കേരളത്തിലെ പ്രധാന പ്രദർശനനഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതരത്തിലുള്ള പ്രദർശനവസ്തുക്കൾ ഒരുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ, വൈദ്യുതി ബോർഡ് ലിമിറ്റഡ് പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.

ഇതിനുപുറമെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി തുടക്കം കുറിച്ച 'ലാഭപ്രഭ' എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2013-ലും 2014-ലും നടപ്പിലാക്കി. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ ഉപയോഗ സാക്ഷരതാ പ്രചാരണ പരിപാടി കൂടിയായിരുന്നു ലാഭപ്രഭ.

ലാഭപ്രഭ 2014 പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി പരിഗണിച്ച് സ്കൂളുകൾ, റെസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും സി.എഫ്.എൽ. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവെർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിച്ച എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം

LIBRARY ARCHIVES Kerala Legislative Assembly

(എസ്കോട്ട്) പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖകൾ തയ്യാറാക്കൽ, മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകൽ, പ്രദർശനങ്ങൾ തയ്യാറാക്കൽ മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണം പ്രാവർത്തികമാക്കുന്ന സംവിധാനവും എസ്കോട്ടിൽ നിലവിലുണ്ട്.

ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ വ്യാപകമാക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിനുള്ള സാങ്കേതികസഹായങ്ങൾ നൽകുക കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജ സംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിക്കൽ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു. കൂടാതെ, വൈദ്യുതി വിതരണ കമ്പനികളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബി.ഇ.ഇ. നടത്തിവരുന്ന കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കെ.എസ്.ഇ.ബി. അംഗമാണ്.

(സി) ലാഭപ്രഭ 2013 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 13910 പേർക്ക് സി.എഫ്. ലാമ്പുകൾ സൗജന്യമായി നൽകി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 ഉപഭോക്താക്കൾക്ക് സൗരോർജ്ജ റാന്തലുകൾ നൽകാൻ തീരുമാനിച്ചു. കാട്ടാക്കട, ഹരിപ്പാട് ഒഴികെയുള്ള ഇലക്ട്രിക്കൽ സർക്കിളുകളിൽ സൗരോർജ്ജ റാന്തലുകൾ എത്തിച്ചുവിതരണം ചെയ്തു. കാട്ടാക്കട, ഹരിപ്പാട് എന്നീ സർക്കിളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ലാഭപ്രഭ 2014 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 193000 പേർക്ക് സി.എഫ്. ലാമ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതീകരണം

39 (384) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ജി.ജി.വി.വൈ. പദ്ധതിപ്രകാരം വൈദ്യുതീകരണം നടത്തുന്നതിനുള്ള എത്ര അപേക്ഷകളാണ് കണ്ണൂർ ജില്ലയിൽ നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly